പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1656 03/05/2017-ൽ മറുപടിക്ക്

**കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഫാർമസി കൗണ്ടറിന്റെ പ്രവർത്തനം**

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജീവനക്കാരുടെ കുറവു മൂലം കാസർകോട് ജനറൽ ആശുപത്രിയിൽ ഫാർമസി കൗണ്ടർ പ്രവർത്തിക്കുന്നത് പകൽ മാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഫാർമസി കൗണ്ടർ രാവിലെ എട്ടു മണി മുതൽ രാത്രി എട്ടു മണി വരെ മാത്രം പ്രവർത്തിക്കുന്നതിനാൽ രാത്രിയിൽ ആശുപത്രിയിലെത്തുന്ന കിടത്തി ചികിത്സയ്ക്കു വിധേയമായവർ അടക്കമുള്ള രോഗികൾ മരുന്നിനായി സ്വകാര്യ ഫാർമസികളെ ആശ്രയിക്കുന്നതും എന്നാൽ രാത്രി പത്ത് മണിയ്ക്കു ശേഷം നഗരത്തിലെ സ്വകാര്യ ഫാർമസികൾ തുറക്കാറില്ല എന്ന പ്രശ്നവും പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഇടപെടൽ ഉണ്ടാകുമോ; | (ബി) | ഇപ്പോൾ ഫാർമസി 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | കാലാവധി കഴിഞ്ഞു പോയ താൽക്കാലിക ജീവനക്കാരുടെ സേവനം നീട്ടിക്കൊടുക്കാനോ, പകരം നിയമനം നടത്താനോ നടപടി സ്വീകരിക്കാത്തതു കൊണ്ടാണ് ഫാർമസിയുടെ പ്രവർത്തനം കൂടുതൽ അവതാളത്തിലായതെന്നത് ശരിയാണോ; വിശദമാക്കാമോ? | (സി) | ശരിയല്ല. 24 മണിക്കൂർ ഫാർമസി പ്രവർത്തിക്കുന്നതിനുവേണ്ടി നാല് ജീവനക്കാരെ 179 ദിവസത്തേയ്ക്ക് താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവരുടെ കാലാവധി തീരുന്നതിനനുസരിച്ച് അനന്തര നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**